**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ അരവണ, അപ്പം എന്നിവയ്ക്ക് ഭക്ഷ്യ സുരക്ഷ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിലെ പ്രസാദങ്ങളായ അരവണ, അപ്പം എന്നിവയ്ക്ക് ഭക്ഷ്യ സുരക്ഷ ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ; | (എ) | ശബരിമലയിലെ പ്രസാദങ്ങളായ അരവണ, അപ്പം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സാധനങ്ങൾ പമ്പയിലെ ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് പ്രസാദ നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. അപ്പം, അരവണ വഴിപാട് പ്രസാദങ്ങൾ ഫുഡ് സേഫ്റ്റി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമ വിഭാഗം പരിശോധിച്ച് വരികയാണ്. |
| (ബി) | ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയ ഏലയ്ക്ക അരവണ നിർമ്മാണത്തിന് ഉപയോഗിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഏലയ്ക്ക പമ്പയിലെ ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിരുന്നോ; വ്യക്തമാക്കുമോ? | (ബി) | ഏലക്ക പമ്പ ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധിച്ച് തൃപ്തികരം എന്ന് കണ്ടതിനാലാണ് അരവണ നിർമ്മാണത്തിനായി ആയത് ഉപയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ